85

# തോട്ടത്തിൽ

## മത്താ. 26:30, 36- 46; മർക്കൊ. 14:26, 32- 42;

## ലൂക്കൊ. 22:39- 46; യോഹ. 18:1, 4, 11, ഒരടുത്ത നോട്ടം

വീണ്ടെടുപ്പ് സംഭവത്തിൽ തോട്ടങ്ങൾ വലുതായി കാണായ് വരുന്നുണ്ട്. പാപത്തിന്റെ തോട്ടമായി, നാം ഏദനെ കാണുന്നു (ഉൽപത്തി 2:8, 17; 3); ഗെത്ത്ശമന വേദനയുടെ തോട്ടം (യോഹന്നാൻ 18:1; മത്തായി 26:36); യേശുവിനെ അടക്കിയതും ഉയർത്തെഴുന്നേറ്റതും പേർ പറയാത്തതുമായ, പ്രത്യാശയുടെ തോട്ടം (യോഹന്നാൻ 19:41, 42; 20), പറുദീസയും,[1] പ്രതിഫലത്തിന്റെ തോട്ടം (വെളിപ്പാട് 2:7 നോക്കുക). ഈ പ്രസംഗം അവയിൽ രണ്ടാമത്തേതിനെ കുറിച്ചാണ്: ഗെത്ത്ശമന.

ഗെത്ത്ശമനയിലെ യേശുവിനെ കുറിച്ച് നാം പഠിക്കുമ്പോൾ, നമ്മുടെ കാലിലെ ചെരിപ്പ് അഴിക്കണമെന്ന പ്രതീതി നിലനില്ക്കുന്നു, കാരണം നാം നിൽക്കുന്നത് വിശുദ്ധസ്ഥലമാണ് (പുറപ്പാട് 3:5 നോക്കുക). എന്റെ തോന്നൽ ഡി. ഡബ്ലിയു. ഫോർഡ് പ്രകടമാക്കിയിട്ടുണ്ട്:

> ഞാനാണ് ആ [പ്രസംഗം നടത്തുന്ന മനുഷ്യൻ എങ്കിൽ] സംശയമാണ്. സുവിശേഷ വിവരണങ്ങളിലെല്ലാം രേഖപ്പെടുത്തിയിരിക്കുന്ന രംഗത്തിൽ ഏറ്റവും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നത് ചലനാത്മകമാക്കുവാനുള്ള വേദശാസ്ത്ര ഉൾക്കാഴ്ച്ചയോ അല്ലെങ്കിൽ ആത്മിയ ബോധമോ, വാക്ചാതുര്യമോ എനിക്കുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു ... എന്നാൽ എനിക്ക് എന്തുചെയ്യുവാൻ പറ്റും? അത് ഇവിടെയാണ്, മറ്റൊരിടത്തുമില്ല. നാം യേശു എന്ന മനുഷ്യന്റെ അടുത്ത് എത്തിയിരിക്കുന്നു. ഞാൻ ഗെത്ത്ശമനയ്ക്കു പുറത്തു കടന്നാൽ, അവൻ ആയിരുന്നതുപോലെ യേശുവിനെ കാണിക്കുവാൻ എനിക്ക് സാധ്യമല്ല.[2]

തോട്ടത്തിലെ യേശുവിനെ നാം നോക്കുമ്പോൾ, സുവിശേഷവിവരണത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ഒരു വശം നാം അപൂർവ്വമായിട്ടേ കാണുന്നുള്ളു: വഴങ്ങാവുന്ന അവന്റെ മനുഷ്യത്വം.[3] അവൻ പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനും ആയിരുന്നു. അവതാരത്തെ കുറിച്ച് അധികം അളക്കുവാൻ നമുക്ക് സാധ്യമല്ല,[4] എന്നാൽ, സമയാസമയങ്ങളിൽ, ക്രിസ്തുവിന്റെ ദൈവികത്വവും, മനുഷ്യത്വവും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ട്. "*ജഡം* ബലഹീനം, ആത്മാവോ ഒരുക്കമുള്ളത്" എന്ന് അവൻ ശിഷ്യന്മാരോട് പറഞ്ഞപ്പോൾ (മത്തായി 26:41; എംഫസിസ് മൈൻ), അതു ശിഷ്യന്മാരെ കുറിച്ചു മാത്രമായിരുന്നില്ല. അവൻ തന്നെ കുറിച്ചുകൂടെയാണ് സംസാരിച്ചത്.

ക്രിസ്തു സ്വർഗത്തിൽനിന്ന് വരുമ്പോൾ, "*മനുഷ്യരൂപമെടുക്കേണ്ടതി*

*ന്ന്* ... തന്നെത്താൻ ഒഴിച്ചു" എന്നാണ് പൗലൊസ് എഴുതിയത് (ഫിലിപ്പിയർ 2:7; എംഫസിസ് മൈൻ). എബ്രായലേഖകൻ പറഞ്ഞു, "കരുണയുള്ളവനും വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിന്, സകലത്തിലും തന്റെ *സഹോദരന്മാരോട് സദൃശ്യനായിത്തീരുവാൻ* ആവശ്യമായിരുന്നു" (എബ്രായർ 2:17; എംഫസിസ് മൈൻ). താൻ "സഹോദരന്മാർക്ക് സദൃശ്യനായി തീർന്നത്" അവന്റെ കഷ്ടങ്ങളാലായിരുന്നു എന്ന് ലേഖകൻ വ്യക്തമാക്കുന്നു. "താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കുന്നു"; അവൻ "*സർവ്വത്തിലും നമുക്ക് തുല്യമായി* പരീക്ഷിക്കപ്പെട്ടു'' (എബ്രായർ 2:18; 4:15; എംഫസിസ് മൈൻ). യേശുവിന്റെ ജഡത്തിലുള്ള കഷ്ടങ്ങളിൽ മരണം മാത്രമല്ല (1 പത്രൊസ് 3:18), തോട്ടത്തിലെ കഷ്ടതയും ഉൾപ്പെടുന്നുണ്ട്. "ക്രിസ്തു തന്റെ *ഐഹികകാലത്ത്*, തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിച്ചു" (എബ്രായർ 5:7; എംഫസിസ് മൈൻ).

ഭൂമിയിൽ യേശുവിന് നേരിട്ട യുദ്ധങ്ങളിൽവെച്ച് ഏറ്റവും വലിയ യുദ്ധമായിരുന്നു തോട്ടത്തിലേത് എന്നാണ് എനിക്ക് തോന്നുന്നത്. മരുഭൂമിയിൽ വെച്ച് യേശു പിശാചുമായി ഏറ്റുമുട്ടി (മത്തായി 4:1–11); തോട്ടത്തിൽ വെച്ച്, അവൻ തന്നോടു തന്നെ പോരാടുകയായിരുന്നു – അവന്റെ മനുഷ്യത്വത്തോട്. "യേശു തോട്ടത്തിൽ പ്രവേശിച്ചതുമുതൽ ക്രൂശിൽ മരിക്കുന്നതു വരെ അവനിലെ മനുഷ്യൻ ഉന്നതിയിലെത്തുകയായിരുന്നു; 'അവൻ മനുഷ്യ വേഷത്തിലായിരുന്നു', അവൻ പൂർണ്ണ മനുഷ്യനായിട്ടായിരുന്നു എല്ലാം സഹിച്ചത്"[5] എന്ന് ജെ ഡബ്ലിയു. മെക്ഗാർവേ പറഞ്ഞത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്ങനെയായാലും, നാം പ്രവേശിക്കുന്നത് മർമ്മപ്രധാനമായ ഭാഗത്തേക്കാണെന്ന് നാം തിരിച്ചറിയണം, അവിടെ ഭയങ്കരവും അതിശയവുമായവയാണ് നടക്കുന്നത് – സൈദ്ധാന്തികമല്ല.[6]

## ഒരു പോരാട്ട രംഗം

നാം തോട്ടത്തിലേക്ക് കടക്കുമ്പോൾ,[7] അത് ഒരു പോരാട്ട രംഗമാണെന്ന് പറഞ്ഞു തുടങ്ങട്ടെ. അവിടെ നമ്മുടെ കർത്താവ് തന്റെ ഏറ്റ*വും* വലുതല്ലെങ്കിൽ, വലിയ പോരാട്ടങ്ങളിലൊന്ന് നേരിട്ടുകൊണ്ടിരിക്കുകയാണ്.

### തീവ്രമായ ഒരു ദുഃഖം

യേശുവിന്, തീവ്ര ദുഃഖമുണ്ടായ ഏറ്റവും മുഖ്യമായ സ്ഥലമായിരുന്നു ഗെത്ത്ശമന. ആ സത്യത്തിന്റെ പ്രാധാന്യം നിമിത്തം, മറ്റു പോയിന്റുകളേക്കാൾ ഇതിന് നാം കൂടുതൽ സമയം എടുത്തു പഠിക്കും.[8]

മത്തായി 26:36 ൽ നാം വായിക്കുന്നു, "അനന്തരം യേശു അവരുമായി [അപ്പൊസ്തലന്മാർ] ഗെത്ത്ശമന എന്ന തോട്ടത്തിൽ വന്നു" "ഗെത്ത്ശമന" എന്ന വാക്കിന്റെ അർത്ഥം "എണ്ണ ആട്ടൽ" എന്നാണ്. സന്ദർഭത്തിന് യോജിക്കുന്ന പേരാണത്. ക്രൂശിന്റെ നിഴൽ അവനെ *തകർത്തു*കൊണ്ടിരുന്നപ്പോൾ, പല സംഭവങ്ങളും അവിടെ വെച്ചാണ് അവനെ *മഥിച്ചു*കൊണ്ടിരുന്നത്.

സുവിശേഷ എഴുത്തുകാർ കർത്താവിന്റെ വേദനയെ ശ്ലാഘ്യരൂപേണയാണ് വരച്ച് കാണിച്ചിരിക്കുന്നത്: മത്തായി പറഞ്ഞത് അവൻ "ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി" എന്നാണ് (മത്തായി 26:37); മർക്കൊസ് എഴുതിയത് അവൻ "ഭ്രമിപ്പാനും വ്യാകുലപ്പെടുവാനും തുടങ്ങി" എന്നാണ്

(മർക്കൊസ് 14:33). യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "എന്റെ ഉള്ളം മരണവേദനപോലെ അതി ദുഃഖിതമായിരിക്കുന്നു" (മത്തായി 26:38). എൻ ഐവിയിൽ "എന്റെ ഉള്ളം അതിദുഃഖത്തിലാണ്ടിരിക്കുന്നു" എന്നും എൻ എൽറ്റിയിൽ "എന്റെ ഉള്ളം ദുഃഖത്താൽ നുറുങ്ങിയിരിക്കുന്നു ..." എന്നുമാണ്. "മരണവോദന പോലെ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ഗൊൽഗോഥയിലെ വേദന മാത്രമല്ല, ഗെത്ത്ശമനയിലേതും ഉൾപ്പെടുന്നു. "ഞാൻ മരിക്കത്തക്ക ദുഃഖത്തിലായി" എന്നാണ് ഏബിയിലുള്ളത്.

ക്രിസ്തു ശിഷ്യന്മാരെ വിട്ടു പോയശേഷം, അവൻ മുഖം കുനിച്ച് തന്നത്താൻ പ്രാർത്ഥിക്കാൻ തുടങ്ങി: "എന്റെ പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങേണമേ"[9] (മത്തായി 26:39). "പാനപാത്രം" എന്നത് എല്ലാ ശാരീരികവും, വൈകാരികവും, ആത്മീകവുമായ കഷ്ടതയെയാണ് സൂചിപ്പിക്കുന്നത്.[10] എബ്രായ ലേഖകൻ പറഞ്ഞത് "കണ്ണുനീരോടും ... ഉറച്ച നിലവിളിയോടും കൂടെ ... പ്രാർത്ഥനയും അഭയയാചനയും കഴിച്ചു എന്നാണ്" (എബ്രായർ 5:7).

ലൂക്കൊസ് ആ രംഗം ഇങ്ങനെയാണ് വിവരിച്ചത്: "അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ് നിലത്തുവീഴുന്ന വലിയ ചോരത്തുള്ളിപോലെയായി" (ലൂക്കൊസ് 22:44). പെസഹ വരുന്നത് വസന്തകാലത്തിന്റെ ആരംഭത്തിലായതുകൊണ്ട്,[11] രാത്രിയിലെ കാറ്റ്, നല്ല തണുപ്പുള്ളതായിരിക്കും (യോഹന്നാൻ 18:18). സ്വാഭാവികമായി വിയർപ്പ് വരാതിരുന്ന സമയമായിരുന്നു അത്. ബാഹ്യമായ ഊഷ്മാവിന്റെ ഫലമായിട്ടായിരുന്നില്ല യജമാനന്റെ മുഖത്ത് നിന്ന് വിയർപ്പുതുള്ളികൾ വീണത്, പിന്നെയോ അവന്റെ ഉള്ളിലെ കുഴപ്പം നിമിത്തമായിരുന്നു.

"രക്തതുള്ളികൾ പോലെ" എന്ന പ്രയോഗം വ്യാഖ്യാതാക്കളെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. വൈദ്യശാസ്ത്രപരമായി, അത്യധികമായ സമ്മർദ്ദംമുലം, നെറ്റിയിലെ വിയർപ്പുഗ്രന്ഥികളിൽ നിന്ന് ഒഴുകുന്നത് ശ്രദ്ധിക്കണം, രക്തം ദ്രവരൂപത്തിൽ ത്വക്കിനു പുറത്തേക്ക് വിയർപ്പു ഗ്രന്ഥികളിലൂടെ പ്രവഹിക്കുവാൻ സാദ്ധ്യതയുണ്ട്.[12] വൈദ്യനായ, ലൂക്കൊസ്, അത്തരം അവസ്ഥയെ കർത്താവിന്റെ ആന്തരീകമായ സമ്മർദ്ദത്തിന്റെ ആഘാതമായാണ് സൂചിപ്പിക്കുന്നത്. "*പോലെ*" എന്ന വാക്കിനാണ് കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത്: ആഴമേറിയ മുറിവിൽ നിന്ന് രക്തം പ്രവഹിക്കുന്നതുപോലെ യേശുവിന്റെ മുഖത്തുനിന്ന് വിയർപ്പുതുള്ളികൾ നിലത്ത് വീണുകൊണ്ടിരുന്നു.

തന്റെ വരുവാനുള്ള മരണത്തിനുമുമ്പുണ്ടായിരുന്ന അവന്റെ ശാന്തതയോടുകൂടെ തോട്ടത്തിൽ വെച്ച് ക്രിസ്തുവിനുണ്ടായ തീവ്രവേദനയോട് ചില എഴുത്തുകാർക്ക് പൊരുത്തപ്പെടുവാൻ പ്രയാസം നേരിട്ടിട്ടുണ്ട്. "സ്പഷ്ടമായ എതിർപ്പുകൂടാതെ പലപ്പോഴും അവൻ തന്റെ മരണത്തെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്,"[13] അവർ പറയുന്നത്, വ്യക്തിപരമായി, വൈപരീത്യം തോന്നുന്നതിൽ എനിക്ക് പ്രയാസമില്ല. ആദ്യം, മുൻപ് അവൻ പ്രസ്താവിച്ചപ്പോൾ എങ്ങനെ കാണപ്പെട്ടു അല്ലെങ്കിൽ ശബ്ദിച്ചു എന്ന് നമ്മോടു പറഞ്ഞിട്ടില്ല; രേഖപ്പെടുത്തിയിരിക്കുന്ന എഴുത്തുകൾ സൂചിപ്പിക്കുന്നതിനേക്കാൾ അധികം വികാരം അവന്റെ ശബ്ദത്തിലും നേരിടലിലും ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞേക്കാം[14] രണ്ടാമത്, യേശുതന്റെ മരണത്തെ "തന്റെ ജഡത്തിൽ" നേരിട്ടതുകൊണ്ട് വാസ്തവത്തിലുള്ള സംഭവം അടുത്തുവരുന്നതിനുമുമ്പ് അവന്റെ ഉയർന്ന വികാരത്തെ എനിക്കു തിരിച്ചറിയുവാൻ

കഴിയും.

ഉദാഹരണത്തിന് എനിക്ക് ഉണ്ടായ ഒരു ഓപ്പറേഷന്റെ സമയത്തെക്കുറിച്ച് ഞാൻ ഓർക്കുന്നു. ആ ഓപ്പറേഷനു മുൻപുള്ള ദിവസങ്ങളിൽ ഓപ്പറേഷനെക്കുറിച്ച് ശാന്തമായും വിവേകത്തോടെയും എനിക്കു സംസാരിക്കുവാൻ കഴിഞ്ഞു. എങ്ങനെയായാലും, അവസാനം ആസ്പത്രിയിലേക്ക് പോകുവാൻ സമയമായപ്പോൾ ചുരുക്കിപ്പറഞ്ഞാൽ എന്റെ ശാന്തത ബാഷ്പീകരിക്കുവാൻ തുടങ്ങി. യേശുവിന്റെ പ്രസ്താവന എനിക്ക് പുതിയ അർത്ഥം തരുന്നു: "ആത്മാവ് ഒരുക്കമുള്ളത് ജഡം ബലഹീനമത്രേ"! എനിക്ക് ഇങ്ങനെ ഡോക്ടറോടു പറവാൻ വിഷമമുണ്ടായില്ല. "ഇത് *തികച്ചും* ആവശ്യമാണെന്ന് നിങ്ങൾക്ക് തീർച്ചയുണ്ടോ? തീർച്ചയായും ഈ പ്രശ്നം പരിഹരിക്കുവാൻ *വേറെയെന്തെങ്കിലും മാർഗം* കാണാതിരിക്കയില്ല!"

"പാനപാത്രം" എന്നത് യേശുവിന്റെ പ്രാർത്ഥനയിൽ അവന്റെ ശാരീരികവും, വൈകാരികവും, ആത്മീയവുമായ സംഘർഷത്തെയാണ് സുചിപ്പിക്കുന്നത് എന്ന് നാം കണ്ടുകഴിഞ്ഞു. അവനെക്കാത്തിരുന്ന ഓരോ കഷ്ടതയെയും കുറിച്ച് അൽപസമയം നമുക്കു ചിന്തിക്കാം. ആദ്യം, ശാരീരികമായ കഷ്ടത അനുഭവപ്പെട്ടു: ഒരു മനുഷ്യന് തന്റെ മുപ്പതുകളിൽ മരണം ആകർഷണീയമായിരിക്കയില്ല, കാരണം അയാൾ തന്റെ യുവത്വത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്. മിക്കപേരും ഏതാണ്ട് ആ പ്രായത്തിലാണ് ജോലി തുടങ്ങുന്നത്. അവന്റേത് അവസാനിപ്പിക്കുവാൻ പോകുന്നു.[15] കൂടുതൽ പ്രാധാന്യം എന്തെന്നാൽ അവന് നേരിടുവാനുള്ള മരണവിധം അവന് സഹിക്കേണ്ടതായിട്ടുണ്ട്. മനുഷ്യൻ കണ്ടെത്തിയ ദണ്ഡന ഉപകരണങ്ങളിൽ വെച്ച് ഏറ്റവും ക്രൂരമായതായിരുന്നു ക്രൂശ്.[16] ജോൺ ജിപ്സൻ എഴുതി,

> ചാട്ടവാർ അവന്റെ പുറകിൽ വന്നു പതിച്ചിരുന്നു, തലയിൽ വെച്ച മുൾക്കിരീടം നിമിത്തം നെറ്റിയിലുടെ രക്തം ഒഴുകിക്കൊണ്ടിരുന്നു. അവന്റെ കൈകളിലും കാൽ പാദങ്ങളിലും ആണി അടിച്ചപ്പോൾ മാംസം ചിതറുകയും, പിന്നെ ക്രൂശീകരിക്കുന്ന വേദനയും – മന്ദമായി മരിക്കേണ്ട ദണ്ഡനം ...[17].

ക്രിസ്തു വൈകാരികമായും കഷ്ടം ഏറ്റു. ജിപ്സൻ തുടരുന്നു,

> തന്റെ ശത്രുക്കളിൽ നിന്ന് ഉയർന്ന പരിഹാസങ്ങളെ അവൻ സഹിക്കേണ്ടതായിരുന്നു, സ്നേഹിതന്മാർ ചിതറിപ്പോകുകയും, അവൻ അദ്ധ്വാനിച്ചവരും ഉപകാരം ചെയ്തരുമായ ആളുകൾ നന്ദിയില്ലാത്തവരായി തീരുകയും ചെയ്തു. യഹൂദ മതാദ്ധ്യക്ഷന്മാരുടെ ശത്രുത അവൻ സമ്പാദിച്ചു, യൂദയുടെ വിശ്വാസ പാതകം, ആളുകളുടെ ചാപല്യം, മതപരമായ ആളുകളുടെ ആഭ്യന്തര നീതിയെ പരിഹസിക്കുന്നതും അവൻ സഹിച്ചു.[18]

ക്രൂശിനോട് ബന്ധപ്പെട്ട ലജ്ജയും യേശുവിന്റെ വൈകാരികമായ കഷ്ടതയിൽ ഉൾപ്പെട്ടിരുന്നു. ക്രൂശിൽ തറക്കൽ "അടിമകൾക്കും പരദേശികൾക്കും, വിപ്ലവകാരികൾക്കും ... ക്രൂരകൃത്യം ചെയ്തിരുന്നവർക്കും മാത്രമായിരുന്നു".[19] "അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു" എന്നാണ് എബ്രായർ 12:2 പറയുന്നത്. യേശു ''നമുക്കുവേണ്ടി ശാപമായി തീർന്നു – 'മരത്തിന്മേൽ തുങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ'" എന്ന് എഴുതിയിരിക്കുന്നു

(ഗലാത്യർ 3:13).

എങ്ങനെയായാലും, യേശുവിന്റെ ഏറ്റവും വലിയ കഷ്ടത ശാരീരികവും അല്ലെങ്കിൽ വൈകാരികവുമായിരുന്നില്ല, എന്നാൽ ആത്മീകമായിരുന്നു. ഇവിടെ നാം ശ്രദ്ധയോടെ മുമ്പോട്ടു നീങ്ങണം. ഡൊണാൾഡ് മില്ലർ പറഞ്ഞു "നാം നമ്മുടെ വീണ്ടെടുപ്പിന്റെ ആഴം അളക്കുവാനാണ് പോകുന്നത്."[20] ക്രൂശിലെ ക്രിസ്തുവിന്റെ ആത്മീയ വേദനയെക്കുറിച്ച് ആർക്കും സംസാരിക്കാൻ കഴിയും. എന്നാൽ അത് പൂർണമായി മനസിലാക്കാൻ നമുക്കു കഴിയുകയില്ല. തിരുവെഴുത്ത് പഠിപ്പിക്കുന്നതിന് ഊന്നൽ കൊടുക്കുവാനേ നമുക്കു കഴിയു: യേശു ക്രൂശിലായിരുന്നപ്പോൾ, കുറ്റം അവൻ ഏറ്റെടുക്കുകയും, നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ അവൻ വഹിക്കുകയും ചെയ്തു (യോശയ്യാവ് 53:6; 2 കൊരിന്ത്യർ 5:21; 1 പത്രോസ് 2:24). പാപം നമ്മെ ദൈവത്തിൽ നിന്ന് അകറ്റുകയും (യെശയ്യാവ് 59:1, 2): പാപത്തിന്റെ അന്തിമമായ പിഴ അങ്ങനെ "കർത്താവിന്റെ സന്നിധിയിൽ നിന്ന് അവന്റെ ശക്തിയുടെ മഹത്വത്തിൽ നിന്ന്" നീങ്ങിപ്പോയി (2 തെസ്സലോനിക്യർ 1:9; വാക്യം 7–9). നമ്മുടെ കുറ്റം യേശു ഏറ്റെടുത്തപ്പോൾ പിതാവിന് തന്റെ മുഖം അവനിൽനിന്ന് മറക്കുകയല്ലാതെ നിർവ്വാഹമില്ലായിരുന്നു (മത്തായി 27:46 നോക്കുക).

പാപമില്ലാത്ത ദൈവപുത്രൻ ശാരീരികവും, വൈകാരികവും ആത്മീകവുമായി കഷ്ടം ഏറ്റതിന്റെ വില നിങ്ങൾക്കും എനിക്കും ഊഹിക്കാൻ പോലും കഴിയുകയില്ല. ലോകത്തിന് ജീവൻ ഉണ്ടാകേണ്ടതിന്, അവൻ മരിക്കേണ്ടിയിരുന്നു. ലോകത്തിന് വെളിച്ചമുണ്ടാകുവാൻ, ഇരുട്ടിനെ അവൻ അളക്കേണ്ടിയിരുന്നു.

തോട്ടത്തിൽ യേശു കൂടുതൽ ധൈര്യം കാണിക്കേണ്ടിയിരുന്നു എന്ന് ചില എഴുത്തുകാർ കരുതുന്നു. "മറ്റുള്ളവർ മരണത്തെ വലിയ ശാന്തതയോട് കൂടെ നേരിട്ടിട്ടുണ്ട്," അവർ പറയുന്നു, ചുരുങ്ങിയത് രണ്ടു പരാമർശങ്ങൾ ക്രമമായിരിക്കുന്നു: (1) ഭയം നമ്മെ അലട്ടുമ്പോഴും ശരിയായത് ചെയ്യുന്നതാണ് കാര്യം. അല്ലാതെ ഭയക്കുറവ് പ്രകടമാക്കുന്നതല്ല. (2) മറ്റുള്ളവർ വേദനയേയും മരണത്തേയും നേരിട്ടിട്ടുണ്ടെങ്കിലും, കർത്താവ് സഹിച്ചതായ വേദന മറ്റാരും നേരിട്ടിട്ടില്ല. *ഗിന്നസ് ബുക്ക് റക്കോഡിൽ*[21] "സഹിച്ചതായ എറ്റവും വലിയ കഷ്ടതയുണ്ടെങ്കിൽ" അത് ക്രൂശിന്റെ ചിത്രമായിരിക്കും.

"തീവ്രവേദനയുള്ള ഒരു സ്ഥാനത്ത്" നിങ്ങൾ എപ്പോഴെങ്കിലും ആയിരുന്നിട്ടുണ്ടോ കർത്താവ് ആയിരുന്നിട്ടുണ്ട് – അവന് അത് മനസിലാകുകയും ചെയ്യും (എബ്രായർ 4:15).

**നിരാശയുടെ ഒരു സ്ഥലം**

ഗെത്ത്ശമന യേശുവിന് തീവ്രവേദനയുടെ സ്ഥലം മാത്രമായിരുന്നില്ല. അത് നിരാശയുടെ സ്ഥലവും കൂടെയായിരുന്നു.

ഒരു നിയമമായി, ക്രിസ്തുവിന്റെ നീണ്ട പ്രാർത്ഥനകൾ ഏകാന്തമായിരുന്നു (ലൂക്കൊസ് 1:35; മത്തായി 14:23). ഈ സമയത്ത്, എങ്ങനെയായാലും, അവന് സൗഹൃദ ബന്ധത്തിന്റെ ആവശ്യം തോന്നി (എന്റെ ഓപ്പറേഷൻ ചിത്രീകരണത്തിലേക്ക് ഞാൻ മടങ്ങിവരട്ടെ: ആ ഓപ്പറേഷൻ സമയത്ത് എന്റെ വേണ്ടപ്പെട്ടവരെല്ലാം എനിക്ക് അടുത്തുണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചു[22]

ഞാൻ പറയുന്നതിന്റെ അർത്ഥം നിങ്ങൾക്ക് ഒരുപക്ഷേ മനസിലാകും.) ക്രിസ്തു തോട്ടത്തിലേക്ക് നീങ്ങിയപ്പോൾ, "അവൻ പത്രോസിനേയും യാക്കോബിനെയും യോഹന്നാനേയും കൊണ്ടുപോയി" (മർക്കൊസ് 14:33). അവൻ അവരോട് അപേക്ഷിച്ചു, "നിങ്ങൾ ഇവിടെ എന്നോട്കൂടെ ഉണർന്നിരിപ്പിൻ" (മത്തായി 26:38). അവർ എന്തു ചെയ്തു? അവർ ഉറങ്ങിപ്പോയി. അതെ, അവർ ക്ഷീണിച്ചിരുന്നു എന്ന് എനിക്കറിയും, ശാരീരികമായും വൈകാരികമായും – എന്നാൽ (യേശുവിന്റെ മർക്കൊസ് 14:37 ലെ വാക്കുകൾ എടുത്താൽ) അവർക്ക് ചുരുങ്ങിയത് ഒരു നാഴികപോലും ഉണർന്നിരിപ്പാൻ കഴിഞ്ഞില്ലേ?

തോട്ടത്തിൽ വെച്ച് ക്രിസ്തുവിന്റെ നിരാശ കൂടിക്കൂടി വന്നു: അവൻ വർഷങ്ങളോളം പന്തിരുവരുമായി സമയം ചിലവിട്ടിരുന്നു, എന്നാൽ അവരിലൊരാൾ അവനെ ഒറ്റിക്കൊടുത്തു. തന്റെ രാജ്യത്തിന്റെ ആത്മീയ സ്വഭാവത്തെ വർഷങ്ങൾ ചിലവിട്ട് അവരെ പഠിപ്പിച്ചിരുന്നു. എന്നിട്ടും ഭൗതികായുധങ്ങൾ കൊണ്ട് പ്രതിരോധിക്കേണ്ട രാഷ്ട്രീയ രാജ്യമാണ് അവന്റേതെന്ന് പത്രോസ് തെറ്റിദ്ധരിച്ചു. നിങ്ങൾ എപ്പോഴെങ്കിലും നിരാശയുടെ സ്ഥാനത്ത് എത്തിയിട്ടുണ്ടോ? യേശു അവിടെ ആയിട്ടുണ്ട്. അവന് മനസിലാവുകയും ചെയ്യും.

**പരിത്യജിക്കലിന്റെ സ്ഥലം**

തോട്ടം പരിത്യജിക്കലിന്റെ കൂടെ സ്ഥലമായിരുന്നു. തന്റെ സ്നേഹിതന്മാരുടെ സൗഹൃദബന്ധം ക്രിസ്തു ആഗ്രഹിച്ചപ്പോൾ അവർ ഉറങ്ങിപ്പോയി, "എല്ലാ ശിഷ്യന്മാരും അവനെ വിട്ട് ഓടിപ്പോയി" (മത്തായി 26:56)[23]. പരിത്യജിക്കലിന്റെ ഒരു സ്ഥാനത്ത് നിങ്ങൾ എപ്പോഴെങ്കിലും എത്തിയിട്ടുണ്ടോ? യേശു അവിടെ എത്തിയിട്ടുണ്ട് – അവന് മനസിലാകുകയും ചെയ്യും.

നാം ഇവിടെ നിർത്തുന്നു എങ്കിൽ നമ്മുടെ സമയം നന്നായി ചിലവിട്ടു എന്ന് പറയാം. നമുക്കെല്ലാവർക്കും നമ്മുടെ ഗെത്ത്ശമനകൾ ഉണ്ട്, ഫലത്തിൽ നിങ്ങളിൽ ചിലർ നിരാശയുടേയും നിരുത്സാഹത്തിന്റേയും തോട്ടത്തിലാണ്. അല്ലെങ്കിൽ ഇപ്പോൾ പരിത്യജിക്കലിലാണ്. നാം കടന്നു പോകുന്നത് യേശുവിന് അറിയാം എന്നത് എത്ര പ്രാധാന്യമുള്ള കാര്യമാണ്! അവൻ മനസിലാക്കുകയും സഹതപിക്കുകയും ചെയ്യുന്നു. "അവൻ നമ്മുടെ പ്രകൃതി അറിയുന്നല്ലോ നാം പൊടി എന്ന് അവൻ ഓർക്കുന്നു" (സങ്കീർത്തനങ്ങൾ 103:14). "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാനും"; "പാപമൊഴികെ, സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനുമത്രേ അവൻ" (എബ്രായർ 4:15).

**ഒരു വിജയസ്ഥലം**

എങ്ങനെയായാലും, ഇനിയും, സംഭവത്തിൽ ധാരാളം കാര്യങ്ങൾ ഉണ്ട്. ഗെത്ത്ശമന പോരാട്ടത്തിന്റെ രംഗം മാത്രമല്ലായിരുന്നു; അതൊരു വിജയത്തിന്റെയും സ്ഥലമായിരുന്നു. കർത്താവ് നേടിയ വിജയങ്ങളിലേറ്റവും വലുത് അവിടെ വെച്ചായിരുന്നു.

**അഭയയാചനയുടെ ഒരു സ്ഥലം**

ഗെത്ത്ശമനയുടെ നിഷേധമായ വശം നോക്കിയിട്ട്, ഇനി നമുക്ക് ക്രിയാ

ത്മകമായ വശത്തിലേക്ക് തിരിയാം. ആദ്യം, തോട്ടം ഒരു അഭയയാചനയുടെ സ്ഥലമായി നാം ശ്രദ്ധിക്കണം. യേശു തോട്ടത്തിലേക്കു പോയത് ഒരു കാരണം നിമിത്തമാണ്: പ്രാർത്ഥിക്കുവാനാണ്. അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "ഞാൻ അവിടെ പോയി പ്രാർത്ഥിക്കുന്നതുവരെ ഇവിടെ ഇരിപ്പിൻ" (മത്തായി 26:36). തന്റെ ജീവിതത്തിലെ പ്രധാന നാഴികക്കല്ലുകൾക്കിടയിലും അതിനു മുമ്പും പ്രാർത്ഥിക്കുന്ന ശീലം ക്രിസ്തുവിന് ഉണ്ടായിരുന്നു;[24] അതിന് അവൻ ഒഴികഴിവ് വരുത്തിയില്ല.

സുവിശേഷ രേഖകളിൽ മറ്റെവിടത്തും കാണാത്ത – ഒരു വാക്ക് അവൻ ഉപയോഗിച്ചപ്പോൾ യേശു എന്തുകൊണ്ട് പ്രാർത്ഥിച്ചു എന്നതിന്റെ ഉൾക്കാഴ്ച്ച നമുക്കു നൽകുന്നു.[25] "അവൻ പറയുന്നു, 'അബ്ബാ! പിതാവേ!'" (മർക്കൊസ് 14:36). "അബ്ബാ" എന്നത് ഒരു അരാമ്യവാക്കാണ് അർത്ഥം "പിതാവ്" എന്നാണ്, എന്നാൽ അത് ഒരു കുട്ടി ഉപയോഗിക്കുന്ന വാക്കാണ്, കുട്ടി ആദ്യം പഠിക്കുന്ന വാക്കുകളിൽ ഒന്നാണ്. ഒരു കുട്ടി ഇംഗ്ലീഷിൽ "ഡാ–ഡാ" അല്ലെങ്കിൽ "പ–പ്പാ."[26] "അബ്ബാ" എന്ന വാക്കിൽ, അടുപ്പവും, ആത്മവിശ്വാസവും, ബന്ധവും ഉൾപ്പെട്ടിരിക്കുന്നു; അപ്പനോടുള്ള പ്രത്യേകമായ ബന്ധമാണ് അത് കാണിക്കുന്നത്.

യേശു പ്രാർത്ഥിക്കുക മാത്രമല്ല, തന്റെ ശിഷ്യന്മാരെ അവൻ പ്രാർത്ഥിക്കുവാൻ പ്രബോധിപ്പിക്കുകയും ചെയ്തു: "ആസ്ഥലത്ത് എത്തിയപ്പോൾ അവൻ അവരോട്, നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്ന് പറഞ്ഞു" (ലൂക്കൊസ് 22:40). അവൻ മരിക്കുവാൻ പോകുന്നു എങ്കിലും, തനിക്കുവേണ്ടി പ്രാർത്ഥിപ്പാൻ അവൻ പറഞ്ഞില്ല. അവർക്കു വേണ്ടി പ്രാർത്ഥിപ്പാനാണ് പറഞ്ഞത്. അവൻ അവരോടു പറഞ്ഞു "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളത് ജഡമോ ബലഹീനമത്രേ" (മത്തായി 26:41). അവർ എന്തു പരീക്ഷണമാണ് നേരിടേണ്ടിയിരിക്കുന്നതെന്ന് അവന് അറിയാമായിരുന്നു; അവർ വിജയിക്കണമെന്നുണ്ടെങ്കിൽ പ്രാർത്ഥന അനിവാര്യമായിരുന്നു.

നിങ്ങൾ നിങ്ങളുടെ നിരാശയുടേയും നിരുത്സാഹത്തിന്റെയും, അല്ലെങ്കൽ പരിത്യജിക്കലിന്റേയും ഗെത്ത്ശമനയിലാകുമ്പോൾ, അത് ഒരു അഭയയാചനാസ്ഥലമായി മാറ്റുക.[27] ദൈവത്തോട് അടുത്തുവന്നാൽ ദൈവം സഹായിക്കാത്ത ഒരു വലിയ പ്രശ്നവുമില്ല.

### കീഴ്പ്പെടലിന്റെ ഒരു സ്ഥലം

ഒരു അഭയയാചനാസ്ഥലത്തിനു പുറമേ, ഗെത്ത്ശമന കീഴ്പ്പെടലിന്റെ സ്ഥലവുംകൂടെ ആയിരുന്നു (അതൊരു പ്രധാന സത്യമാണ്). യേശു പറഞ്ഞു, "ഞാൻ സ്വർഗ്ഗത്തിൽ നിന്നു വന്നത്, എന്റെ ഇഷ്ടം ചെയ്യുവാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുവാനത്രേ" (യോഹന്നാൻ 6:38; എബ്രായർ 10:7, 9 നോക്കുക). അവൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത്, "നിന്റെ ഇഷ്ടം വരേണമേ" എന്നാണ് (മത്തായി 6:10). ഇപ്പോൾ തന്റെ കടമ ആഗ്രഹത്തോട് പോരാടിയപ്പോൾ താൻ പഠിപ്പിച്ചത് അവൻ പ്രാവർത്തികമാക്കി. പ്രാർത്ഥിച്ച ശേഷം പറഞ്ഞു, "കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ" പിന്നെ അവൻ കൂട്ടിച്ചേർത്തു, "എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, നീ ഇച്ഛിക്കും പോലെയാകട്ടെ" (മത്തായി 26:39).[28]

പരാതിയുടെ വ്യായാമം മാത്രമല്ല, നേരെയാക്കൽ വ്യായാമം കൂടെയാണ്

പ്രാർത്ഥന എന്ന് ആരോ പറയുകയുണ്ടായി.[29] ക്രിസ്തു ഓരോ സമയത്ത് പ്രാർത്ഥിക്കുമ്പോഴും അവന്റെ ഇഷ്ടം പിതാവിന്റേതിനോട് കൂടുതൽ പറ്റി ച്ചേർന്നിരുന്നു. ആദ്യം അവൻ പ്രാർത്ഥിച്ചു, "കഴിയുമെങ്കിൽ, ഈ പാന പാത്രം എങ്കൽനിന്ന് നീക്കേണമേ, എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം പോലെ ആകേണമേ" (മത്തായി 26:39). രണ്ടാമതായി അവൻ പ്രാർത്ഥിച്ചു, "ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ" (മത്തായി 26:42). മൂന്നാമതും അവൻ പ്രാർത്ഥിച്ച ശേഷം അവന് ഇങ്ങനെ പറയുവാൻ കഴിഞ്ഞു, "... എന്റെ പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?" (യോഹന്നാൻ 18:11). പുരുഷാരം അവനെ അറസ്റ്റ് ചെയ്തപ്പോൾ, അവൻ രക്ഷപ്പെടാതിരുന്നതു അവനെ ബന്ധിച്ച കയർ നിമി ത്തമായിരുന്നില്ല, മറിച്ച് ദൈവേഷ്ടം നിമിത്തമായിരുന്നു.

അടുത്ത പ്രാവശ്യം നിങ്ങൾ നിങ്ങളുടെ ഗെത്ത്ശമനയിലെത്തുമ്പോൾ, പ്രാർത്ഥിക്കുവാൻ മറക്കരുത്. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ പറയുക, "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കേണമേ" – അത് *അന്വർത്ഥ*മാക്കുക.

**ശക്തിപ്പെടുത്തുന്ന ഒരു സ്ഥലം**

അവസാനം, ഗെത്ത്ശമന തോട്ടം ശക്തിപ്പെടുത്തുന്ന ഒരു സ്ഥലമായി രുന്നു എന്ന ചിന്തയിലേക്ക് നിങ്ങളെ കൊണ്ടുവരട്ടെ. "അവൻ പ്രാർത്ഥ നയും അഭയാചനയും കഴിക്കയും ... *മറുപടി ലഭിക്കയും ചെയ്തു*" എന്നാണ് എബ്രായ ലേഖകൻ പറയുന്നത് (എബ്രായർ 5:7; എംഫസിസ് മൈൻ). അവന്റെ പ്രാർത്ഥനയുടെ മറുപടിയായി "അവനെ ശക്തിപ്പെടുത്തേണ്ടതിന് സ്വർഗത്തിൽ നിന്ന് ഒരു ദൂതൻ അവന്ന് പ്രത്യക്ഷനായി"[30] (ലൂക്കൊസ് 22:43).

ക്രിസ്തു പ്രാർത്ഥിച്ചു തീർന്നപ്പോൾ, അവന്റെ ആന്തരിക സംഘർഷ ത്തിന് അയവ് വന്നു. അവൻ വരുവാനിരുന്ന അഗ്നിപരീക്ഷക്കു തയ്യാറായി രുന്നു. "പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ എന്നു പറഞ്ഞു"[31] (യോഹന്നാൻ 18:11). "ലോകം തരുന്നത് എത്ര മധുരമു ള്ളതായാലും, അതിനേക്കാൾ മികവുറ്റതായിരിക്കും പിതാവിന്റെ കയ്യിൽനിന്നുള്ളത്, അതെത്ര കയ്പേറിയതായാലും."[32]

അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ഇനി ഉറങ്ങി ആശ്വസിച്ചു കൊൾവിൻ, നാഴിക അടുത്തു, മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏൽപി ക്കപ്പെടുന്നു, എഴുന്നേല്പിൻ നാം പോക" (മത്തായി 26:45, 46). അവനെ അറസ്റ്റ് ചെയ്യുവാൻ വന്നവർ അവൻ ഓടിപ്പോയേക്കുമെന്നാണ് വിചാരിച്ചത്; പകരം, അവൻ ധൈര്യത്തോടെ അവരെ അഭിമുഖീകരിക്കുകയായിരുന്നു (യോഹന്നാൻ 18:4 നോക്കുക).

ആ സമയം മുതൽ, "ആ [പുരുഷാരത്തിലെ] ഏറ്റവും ശാന്തനായ വ്യക്തി അവൻ മാത്രമായിരുന്നു ... അവൻ എല്ലാ രംഗങ്ങളിലും ആത്മസംയമന ത്തോടെയാണ് നീങ്ങിയത്. എല്ലാ കാലത്തെയും പ്രശാന്തതയും അന്തസു മുള്ളവരിൽ അവൻ അത്ഭുതവ്യക്തി തന്നെയായിരുന്നു."[33] ഇര എന്നതിനു പകരം "അവൻ വിജയി ആയിരുന്നു."[34] പോരാട്ട രംഗത്ത്, ക്രിസ്തു വിജയി ആയിരുന്നു.

നിങ്ങൾ നിങ്ങളുടെ ഗെത്ത്ശമനയിലാകുമ്പോൾ, ശക്തിക്കായി കർത്താ വിലേക്ക് നോക്കുക. കർത്താവിന് നമ്മെ സഹായിക്കുവാൻ കഴിയാത്തവി ധത്തിൽ നിമഗ്നമായിരിക്കുന്ന ഒരു വെല്ലുവിളിയുമില്ല (1 കൊരിന്ത്യർ 10:13;

എബ്രായർ 13:5).

**ഉപസംഹാരം**

ഗെത്ത്ശമന – അവിടെ സംഭവിച്ചത്, വളരെ കുറച്ച് മാത്രമെ വിശദീകരിച്ചിട്ടുള്ളു, വേണ്ട രീതിയിൽ പ്രകടിപ്പിക്കുവാൻ ഒരു വഴിയുമില്ല. അത് ഒരു നിരാശയുടേയും, നിരുൽസാഹത്തിന്റേയും, പരിത്യജിക്കലിന്റേയും സ്ഥലമായിരുന്നു എന്നു നമുക്ക് അറിയാം. നാം അത് സഹിക്കേണ്ടതാണെന്ന് കർത്താവ് മനസിലാക്കുന്നുണ്ട് എന്ന വസ്തുതയാണ് നാം അതിൽ നിന്നു പഠിക്കുന്നത്. എങ്ങനെയായാലും, തോട്ടം അഭയയാചനയുടേയും, കീഴ്പ്പെടലിന്റേയും, ശക്തിപ്പെടലിന്റേയും സഥലമായിരുന്നു. വിജയിക്കുവാൻ കീഴ്പ്പെടണം, ദൈവേഷ്ടത്തിന് കീഴ്പ്പെടണം എന്നാണ് ആ സത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ ഇഷ്ടത്തെ മാറ്റി ദൈവേഷ്ടത്തിന് കീഴ്പ്പെടുന്നതാണ് നമ്മുടെ ഓരോരുത്തരുടേയും ഏറ്റവും പ്രയാസമുള്ള ജോലി; എന്നാൽ യേശു അങ്ങനെയാണ് വിജയിച്ചത്, അങ്ങനെയാണ് നാമും വിജയിക്കുന്നത്.

നമ്മുടെ ഇഷ്ടത്തെ കീഴ്പ്പെടുത്തണമെന്ന് പറയുമ്പോൾ, ഒരു ക്രിസ്ത്യാനി ആകുന്നതിനും, വിശ്വസ്ത ക്രിസ്തീയ ജീവിതം നയിക്കുന്നതിനുമുള്ള കർത്താവിന്റെ കല്പനകൾ നിങ്ങൾ അനുസരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് ഞാൻ ചോദിക്കണം. പശ്ചാത്തപിച്ച വിശ്വാസിയായി, ക്രിസ്തുവിനോട് ചേരുവാൻ നിങ്ങൾ സ്നാനം (മുങ്ങൽ) ഏറ്റിട്ടുണ്ടോ (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:26, 27)? നിങ്ങൾ, കർത്താവ് ആഗ്രഹിക്കുന്നത് പോലെയുള്ള ജീവിതം നയിച്ചിട്ടുണ്ടോ? നിങ്ങൾ മടങ്ങിവരണമെന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യുക – ഇന്നുതന്നെ (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).

2001 വസന്തകാലത്തിൽ, ഗ്രൈറ്റർ ഓക്ലഹോമാ സിറ്റി പ്രദേശത്ത്, നശിപ്പിക്കുന്ന ഒരു ചുഴലിക്കാറ്റടിച്ചത് എനിക്ക് ഓർമയുണ്ട്. ഞാനും എന്റെ ഭാര്യയും അവിടെ താമസിച്ചിരുന്നു, ഞങ്ങളുടെ കുടുംബാംഗങ്ങളിൽ ചിലർ ഇപ്പോഴും അവിടെയുണ്ട്. തന്റെ വീട്ടിലേക്ക് ചുഴലിക്കാറ്റ് അടിച്ച് കയറിയപ്പോൾ, ഒരാൾ "കർത്താവേ ഞാൻ ഇനിയും തയ്യാറായിട്ടില്ല!" എന്ന് ഉച്ചത്തിൽ നിലവിളിച്ചതായി വാർത്താവിനിമയക്കാർ റിപ്പോർട്ട് ചെയ്തു. ഏതു വിമിഷവും സംഭവിക്കുവാനിടയുള്ള ആപത്തിനായി *നിങ്ങൾ* തയ്യാറായിട്ടുണ്ടോ? ഇല്ലെങ്കിൽ, ഇന്നുതന്നെ അതിനായി ഒരുങ്ങുക!

**പ്രസംഗക്കുറിപ്പുകൾ**

ഗെത്ത്ശമനയിലുള്ള യേശുവിനെക്കുറിച്ച് രൂപപ്പെടുത്തിയിട്ടുള്ള ഒരു പ്രസംഗമാണിത്. അതിന് ഒരു ദൃശ്യാവതരണം എടുക്കാം – ചാർട്ടുകളുടെ പരമ്പര, ഒരു ഓവർഹെഡ് അവതരണം അല്ലെങ്കിൽ ഒരു പവർപോയിന്റ് അവതരണം തുടങ്ങിയവ. 1958 ലെ ഹാർഡിംഗ് യൂണിവേഴ്സിറ്റിയിലെ ലച്ചർഷിപ്പിൽ ജോൺജിപ്സൻ ഒരു ലളിതമായ അവതരണം നടത്തുകയുണ്ടായി.[35] അതിൽ അദ്ദേഹം മുഖ്യമായ മൂന്നു തലവാചകങ്ങൾ കൊടുത്തിരിക്കുന്നു: സോറോ, സോളിറ്റ്യൂഡ്, സബ്മിഷൻ. പ്രസ്താവ്യ സമീപനത്തിനുള്ള ഒരു സ്വാഭാവിക സംഭവമാണ് ഗെത്ത്ശമന: "ഗെത്ത്ശമന തോട്ടം: ഒരു പ്രസ്താവ്യ സമീപനം" എന്ന ഈ പുസ്തകത്തിലെ അനുബന്ധ ലേഖനം നോക്കുക.

കുറിപ്പുകൾ

[1]"പാരഡൈസ്" എന്നത് ഗ്രീക്ക് പദം മാറ്റി ഉപയോഗിച്ചതാണ്, അർത്ഥം "തോട്ടം," "പാർക്ക്," അല്ലെങ്കിൽ "ഫോറസ്റ്റ്." "സന്തോഷമുള്ള തോട്ടം" എന്നതിനാണ് അത് പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത് (*ദ അനലറ്റിക്കൽ ഗ്രീക്ക് ലക്സിക്കൻ* [ലണ്ടൻ: സാമുവൽ ബാപ്സ്റ്റർ ആന്റ് സൺസ് ലിമിറ്റെട് 1971], 302). [2]ഡി. ഡബ്ലിയു. ക്ലെവർലേ ഫോർഡ്, *പ്രീച്ചിങ്ങ് ത്രൂ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (പീബഡി മാസ്.: ഹെൻട്രിക്സൺ പബ്ലിക്കേഷൻസ്, 1994), 76. [3]മറ്റു ചില സന്ദർഭങ്ങൾ ഓർമ്മ വരുന്നു, ഉദാഹരണത്തിന് യേശുവിനു ശാരീരികമായി വിശന്നു (മത്തായി 4:2, 21:18) ദാഹവുമുണ്ടായി (യോഹന്നാൻ 4:7; 19:28), എന്നാൽ മറ്റൊന്നും ഇതുപോലെ വ്യക്തമായി വരച്ചു കാണിച്ചിട്ടില്ല. [4]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ "ക്രിസ്തു വരുന്നു" എന്ന പാഠത്തിലെ അവതാരത്തെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [5]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ്പ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 686–87. [6]നാം ഒരു മർമ്മ കാര്യത്തിലേക്ക് കടക്കുന്നതുകൊണ്ട് – യേശുവിന്റെ ദൈവികത്വം വിപരീതമായി, അവന്റെ മനുഷ്യത്വം – മെക്ഗാർവെയുടെ പ്രസ്താവനയും എന്റെ പ്രസ്താവനയും വൈപരീത്യമുള്ളതാകണം. ചിലർ ഞങ്ങളോട് യോജിക്കും, ചിലർ യോജിക്കയില്ല. നിങ്ങൾ ഈ പ്രത്യേക കാര്യത്തിൽ ഞങ്ങളോട് യോജിച്ചാലും ഇല്ലെങ്കിലും അത് അപ്രധാനമാണ്. നിങ്ങളുടെ ചിന്തയെ ഉണർത്തുന്നതിനാണ് ആ നിരീക്ഷണം ഞാൻ നൽകിയത്. [7]ഇതിനു മുൻപുള്ള പാഠത്തിന് ശേഷമാണ് ഈ പ്രസംഗം നടത്തുന്നതെങ്കിൽ, പശ്ചാത്തലം ഒട്ടും ആവശ്യമില്ല. തോട്ടത്തിലെ യേശുവിനേയും ശിഷ്യന്മാരെയും കുറിച്ച് നിങ്ങൾക്ക് വേണമെങ്കിൽ അവലോകനം നടത്താം. [8]ഇതു പ്രസംഗിക്കുമ്പോൾ, ഞാൻ ചിരിച്ചുകൊണ്ട് പറയും, "നിങ്ങൾ വാച്ചിൽ സമയം നോക്കി വിഷമിക്കേണ്ട, ഇനിയുള്ളത് ഞാൻ പെട്ടെന്ന് അവസാനിപ്പിച്ചേക്കാം." [9]നമുക്ക് അറിയാവുന്നേടത്തോളം, തോട്ടത്തിൽ വെച്ചു മാത്രമാണ് ഈ വാക്കുകൾ കൃത്യമായി യേശു പറഞ്ഞത്, എന്നാൽ ആ ചിന്ത അവന്റെ മനസിൽ മുൻപുണ്ടായിട്ടുണ്ട് (യോഹന്നാൻ 12:27, 28 നോക്കുക). [10]അവസാന പാഠത്തിലെ "പാനപാത്രം" എന്നതിന്റെ കുറിപ്പുകൾ നോക്കുക.

[11]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ യെഹൂദ പെരുന്നാൾ ദിവസങ്ങളെ കുറിച്ചുള്ള ചാർട്ട് നോക്കുക. [12]ആ അവസ്ഥയെ ഹെമാറ്റിട്രോസിസ് അല്ലെങ്കിൽ ഹെമോഹിഡ്രോസിസ് എന്ന് വിളിച്ചിരിക്കുന്നു (വില്യം ഡി. എഡ്വേർഡ്സ്, വെസ്ലി ജെ. ഗാബേൽ, ആന്റ് ഫ്ളോയ്ഡ്. എഫ്. ഹോസ്മർ, "ഓൺ ദ ഫിസിക്കൽ ഡെത്ത് ഓഫ് ജീസസ് ക്രൈസ്റ്റ്," *ജേണൽ ഓഫ് ദ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ* (21 മർച്ച് 1986): 1456. ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള ഒരു ടിവി ഡോകുമെന്ററി (ഡിസംബർ 2001) ഈ പ്രതിഭാസത്തെ കുറിച്ചുള്ള ചർച്ചയും ഉൾപ്പെട്ടിരിക്കുന്നു. ഒരു ഉദാഹരണം പറയാവുന്നത്, ലോകമഹാ യുദ്ധം ൽ ഒരു പെൺകുട്ടിയുടെ നെറ്റിയിൽ നിന്ന് ഓരോ ബോംബാക്രമണത്തിലും രക്തം ചീറ്റുകയുണ്ടായത് പറയാം. [13]മത്തായി 16:21; 17:22, 23; 20:17–19. [14]ക്രിസ്തുവിന്റെ മുൻ പ്രഖ്യാപനം അവന്റെ ശിഷ്യന്മാർക്ക് കൃത്യമായി മനസിലായില്ലെങ്കിലും, അവരുടെ ഉള്ളിൽ ദുഃഖം നിറഞ്ഞിരുന്നു (മത്തായി 17:22, 23; ലൂക്കൊസ് 18:31–34). ഒരുപക്ഷെ, യേശു തന്റെ മരണത്തെ കുറിച്ച് പറഞ്ഞിടത്തോളം അവരെ അത് ബാധിക്കയുണ്ടായി. ചുരുങ്ങിയത് അവൻ മുൻപ് മരണത്തെ സൂചിപ്പിച്ചത് ആന്തരിക സംഘർഷത്തെ കാണിക്കുന്നതായിരുന്നു (യോഹന്നാൻ 12:27, 28 നോക്കുക). [15]അതായത്, അവൻ തന്റെ ഭൗമിക "ജോലി" (ശുശ്രൂഷ) അവസാനിപ്പിക്കുവാൻ പോകുന്നു. [16]ഈ പുസ്തകത്തിൽ പിന്നീടു വരുന്ന "വിജയം അല്ലെങ്കിൽ ആപത്ത്"

എന്ന പാഠത്തിലെ ക്രൂശീകരണ വിവരണം നോക്കുക. [17]ജോൺ ഡി. ജിപ്സൺ, "ആഗണി ഇൻ ഗെത്ത്ശമന," *ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ലെക്ച്ചേഴ്സ്* (1988), 155. [18]ജിപ്സൺ, 155. [19]എഡ്വേർഡ്സ് ഗാബെൽ, ആന്റ് ഹോസ്മർ, 1458. ക്രൂശീകരണത്തിന്റെ ലജ്ജയെ കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ പറയുകയാണെങ്കിൽ, ക്രൂശിൽ കിടക്കുന്നവരുടെ വസ്ത്രം ഉരിഞ്ഞ് നഗ്നരാക്കുമായിരുന്നു; തിരുവെഴുത്തിൽ, നഗ്നത പലപ്പോഴും ലജ്ജ വരുത്തുന്നതായി പറഞ്ഞിട്ടുണ്ട് (യെശയ്യാവ് 20:4; വെളിപ്പാട് 16:15; ഉല്പത്തി 2:25 3:8, 10 മായി താരതമ്യം ചെയ്യുക). [20]ഡൊണാൾഡ് ജി. മില്ലർ. *ലൂക്ക്,* ലേമാൻസ് ബൈബിൾ കമെന്ററി (അറ്റ്ലാന്റാ: ജോൺ നോക്സ്, 1959), 155.

[21]ദ *ഗിന്നസ് ബുക്ക് ഓഫ് റിക്കോർഡ്സ്* വ്യത്യസ്തമേഖലകളിൽ റിക്കോർഡ് ഭേദിച്ചവരുടെ ലിസ്റ്റു തയ്യാറാക്കുന്ന രേഖയാണ്. [22]ഇതിന് പകരം, നിങ്ങൾക്ക് വ്യക്തിപരമായി ഏതെങ്കിലും പ്രതിസന്ധിഘട്ടത്തിൽ ആരുടെയെങ്കിലും സൗഹൃദം കിട്ടിയിരുന്നെങ്കിൽ എന്ന് തോന്നിയ സംഭവം പറയാം. [23]തീർച്ചയായും ദൈവം അവനെ തള്ളിക്കളഞ്ഞില്ല – അതിനെ പ്രസംഗത്തിൽ പിന്നീട് ചർച്ച ചെയ്യുന്നതാണ്. [24]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ "ലൂക്കൊസിന്റെ പുസ്തകമെ" ന്നതു നോക്കുക. [25]യേശുവിന് മുൻപ് യെഹൂദ സാഹിത്യത്തിൽ മറ്റാരും "അബ്ബാ" എന്ന് ദൈവത്തെ വിളിച്ചിട്ടില്ല. റോമർ 8:15, ഗലാത്യർ 4:6 എന്നീ വാക്യങ്ങളിലും "അബ്ബാ" എന്ന വാക്കുണ്ട്. [26]നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് കുട്ടികൾ "അപ്പനെ" വിളിക്കുന്ന ഒന്നിലധികം പേരുകൾ കാണും. [27]കുഴപ്പമുള്ള സമയത്ത് പ്രാർത്ഥിക്കേണ്ട ആവശ്യത്തെ, കൂടുതലായി പറയുവാൻ കഴിയും, കഴിയണം. നിങ്ങളുടെ ജീവിതത്തിൽ ദുഃഖവും നിരാശയുമുണ്ടായപ്പോൾ, പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ലഭിച്ച ആശ്വാസം നിങ്ങൾക്ക് പറയാം. [28]ഇതു ഞാൻ പ്രസംഗിച്ചപ്പോൾ, യേശുവിന്റെ കീഴ്പ്പെടൽ വാക്കുകളെ കുറിച്ച് കൂടുതൽ പറയാറുണ്ട്. [29]എടുത്തിരിക്കുന്നത് റിക്ക് ആച്ചലെയുടെ, "റീമാച്ച് ഇൻ ദ ഗാർഡൻ" എന്ന സതേൺ പഗൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, അബിലീൻ, ടെക്സാസ്, 25 മാർച്ച് 1984 ൽ നിന്ന്. [30]ദൈവം പാനപാത്രം നീക്കിയില്ല, എന്നാൽ അത് സഹിക്കുവാനുള്ള ശക്തി നല്കി. നാം മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ, പലപ്പോഴും, ബുദ്ധിമുട്ട് താങ്ങുവാനുള്ള ശക്തി ദൈവം നൽകും. അതേ പ്രശ്നങ്ങളിലുള്ളവർക്ക് വേണ്ടി അപേക്ഷിക്കുമ്പോൾ അവർക്ക് അതൊരു സഹായമാകും (2 കൊരിന്ത്യർ 1:4).

[31]ജിപ്സൺ, 158. [32]ആച്ച്ലേ. [33]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ന്യൂടെസ്റ്റമെന്റ്* (ലിബർട്ടി മോ: കാളിറ്റി പ്രസ്, 1963), 204. [34]ഇബിഡ്. [35]ജോൺ ഡി.ജിപ്സൺ, "ആഗണി ഇൻ ഗെത്ത്ശമന" *ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ലെക്ച്ചേഴ്സ്* (1988), 154–58.